ആ റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് അതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. എന്നാൽ ഇപ്പോൾ ഒ.ബി.സി.-യിൽ ഉൾപ്പെട്ടു നിൽക്കുന്ന വീരശൈവ സഭയെ ഒ.ഇ.സി.-യിൽ ഉൾപ്പെടുത്താനുള്ള ഒരു നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലില്ല എന്നു കൂടി പ്രത്യേകം അറിയിക്കട്ടെ.

IV. സമയം ദീർഘിപ്പിക്കുന്നതിനുള്ള പ്രമേയം

വനവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ): 2001-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർത്തൃത്വം നടത്തിപ്പും) ബില്ലിനെ സംബന്ധിച്ച സെലക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള സമയം 2003 ആഗസ്റ്റ് 4 വരെ ദീർഘിപ്പിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

(പ്രമേയം സഭ അംഗീകരിച്ചു)

V. റിപ്പോർട്ട് സമർപ്പണം

2001-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായ ദുർബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർത്തൃത്വം നടത്തിപ്പും) ബില്ലിനെ സംബന്ധിച്ച സെലക്ട് കമ്മിറ്റി റിപ്പോർട്ടും സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും

വനവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ): 2001-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർത്തൃത്വം നടത്തിപ്പും) ബില്ലിനെ സംബന്ധിച്ച് സെലക്ട് കമ്മിറ്റി റിപ്പോർട്ടും സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും ഞാൻ സമർപ്പിക്കുന്നു.

VI. നിയമനിർമ്മാണകാര്യം

2003-ലെ കേരള സർവ്വകലാശാലകൾ ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

VII. ക്രമപ്രശ്നം

കേരള സർവ്വകലാശാലകൾ ബില്ലിന്റെ അവതരണം സംബന്ധിച്ച്

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ പേരിൽ സർക്കുലേറ്റ് ചെയ്തിട്ടുള്ള 2003-ലെ കേരള സർവ്വകലാശാലകൾ ബിൽ ഇവിടെ സർക്കുലേറ്റ് ചെയ്ത രീതിയിൽ അവതരിപ്പിക്കുന്നത് ഭരണഘടനാവിരുദ്ധവും സുപ്രീം കോടതിയുടെ ഏറ്റവും ഒടുവിലത്തെ തീരുമാനത്തിന് വിരുദ്ധവുമാണ്. ഈ സർവ്വകലാശാല ബില്ലിലെ 2(13) വകുപ്പുകൾ പ്രകാരം ഇന്ത്യൻ ഭരണഘടനാ വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. ഇതിൽ "കമ്മ്യൂണിറ്റി കോളേജ്" എന്നതിന് നിർവ്വചനം നൽകിയിട്ടുണ്ട്. "കമ്മ്യൂണിറ്റി കോളേജ്" എന്നാൽ ഒരു പ്രത്യേക പ്രദേശത്തെ ജനങ്ങളുടെ സവിശേഷമായ സാമൂഹിക-സാമ്പത്തിക ആവശ്യങ്ങളും മറ്റ് ആവശ്യങ്ങളും നിറവേറ്റുന്നതിന് ആവശ്യമായ

LIBRARY ARCHIVES Kerala Legislative Assembly

കോഴ്സുകൾ പ്രദാനം ചെയ്യണമെന്ന കാഴ്ചപ്പാടോടുകൂടി ആക്ടിലെ വ്യവസ്ഥകൾക്ക് അനുസരിച്ച് സ്ഥാപിക്കപ്പെട്ടിട്ടുള്ള അങ്ങനെയുള്ള കോളേജ് എന്ന് അർത്ഥമാകുന്നു എന്നാണ്. ഇതിനു മുമ്പുള്ള നമ്മുടെ യൂണിവേഴ്സിറ്റി ആക്ടിൽ ഒന്നുമില്ലാത്ത പുതിയ ഒരു കോളേജാണ് ഇവിടെ വിഭാവനം ചെയ്യുന്നത്. കമ്മ്യൂണിറ്റി എന്നത് ഒരു മലയാളം വാക്കല്ല; ഒരു ഇംഗ്ലീഷ് വാക്കാണ്. കമ്മ്യൂണിറ്റി എന്നത് എന്താണെന്ന് ഓക്സ്ഫോർഡ് ഡിക്ഷ്ണറിയിൽ പറയുന്നുണ്ട്. അതിൽ പറയുന്നത്, a body of people having a religion, profession etc. എന്നാണ്. പ്രത്യേക ജനവിഭാഗത്തിന് പ്രത്യേക പ്രദേശത്ത് നിർവ്വചനം അനുസരിച്ച് സ്ഥാപിക്കപ്പെടുന്ന കോളേജുകൾക്ക് അംഗീകാരം നൽകണമെന്നാണ് ഇതിൽ പറയുന്നത്. ഭരണഘടനയുടെ 13(2), 15(1) എന്നീ ആർട്ടിക്കിളിൽ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. മതമോ, വർഗ്ഗമോ, ജാതിയോ, ലിംഗമോ, ജനന സ്ഥലമോ കാരണമാക്കിയിട്ടുള്ള വിവേചനത്തിന് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിൽ ഏതെങ്കിലും മാത്രം കാരണമാക്കി രാഷ്ട്രം യാതൊരു പൗരനോടും വിവേചനം കാണിക്കുവാൻ പാടില്ലായെന്ന് ഭരണഘടനയുടെ ആർട്ടിക്കിൾ 15(1)-ൽ വ്യക്തമായി പറയുന്നുണ്ട്. 'കമ്മ്യൂണിറ്റി കോളേജ്' ഇന്ത്യയിൽ എവിടെയുമില്ല. കാനഡയിലുണ്ട്. അത് സിക്കുകാർക്കു വേണ്ടിയുള്ള പ്രത്യേക കോളേജാണ്. വണ്ടനിലും സ്വീഡനിലും ഉണ്ട്.

മി. സ്പീക്കർ: ഇവിടെയുമുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: എവിടെയാണ്?

മി. സ്പീക്കർ: അലിഗർ മുസ്ലീം യൂണിവേഴ്സിറ്റിയിലുണ്ട്, പിന്നു യൂണിവേഴ്സിറ്റിയിലുമുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അതല്ല ഇതിൽ വിഭാവന ചെയ്യുന്നത്. ഇവിടെ ഒരു പ്രത്യേക മതവിഭാഗത്തിനുവേണ്ടി പ്രത്യേക കോളേജിൽ എല്ലാവർക്കും പ്രവേശനം കൊടുക്കണമെന്ന് പറയുന്നുണ്ട്. 'കമ്മ്യൂണിറ്റി കോളേജ്' എന്നു പറഞ്ഞാൽ എന്താണ്? അതു സംബന്ധിച്ച് Webster's-ന്റെ Encyclopaedia, Un-abridged College-നെക്കുറിച്ച് വ്യക്തമായി പറഞ്ഞിട്ടുണ്ട്. അതിൽ പറയുന്നത്, an institution offering courses on a college level with or without academic credits to the residents of a community എന്നാണ്. അങ്ങനെ ഇതൊരു പ്രത്യേക കമ്മ്യൂണിറ്റിക്ക് കോളേജായി വരുമ്പോൾ കേരളത്തിന്റെ സാമൂഹ്യ പശ്ചാത്തലത്തിൽ ഇത് വിപരീത ഫലങ്ങൾ സൃഷ്ടിക്കും. ഈ ക്ലാസ് നീക്കം ചെയ്തിട്ടുവേണം അങ്ങ് ഇത് അവതരിപ്പിക്കുവാൻ അനുമതി കൊടുക്കേണ്ടത്. മറ്റൊന്ന്, സുപ്രീം കോടതി വിധിയുടെ ഏറ്റവും ഒടുവിൽ വന്ന T.M.A. Pai case-ൽ പറഞ്ഞത് എയ്ഡഡ് കോളേജുകൾക്ക് കൂടുതൽ നിയന്ത്രണം വേണം, അൺ എയ്ഡഡ് കോളേജുകൾക്ക് കൂടുതൽ സ്വാതന്ത്ര്യം കൊടുക്കണമെന്നാണ്. എയ്ഡഡ് കോളേജുകൾക്ക് ഓട്ടോണമി കൊടുക്കാമെന്ന് ഇതിൽ വ്യവസ്ഥയുണ്ട്. അങ്ങനെ വരുമ്പോൾ സ്വകാര്യ കോളേജുകളിലെ അദ്ധ്യാപക നിയമനം അനുസരിച്ച് ഇവിടെ യാതൊരു വ്യവസ്ഥയും ഉൾക്കൊള്ളിച്ചിട്ടില്ല. 1993-ൽ സർക്കുലേറ്റു ചെയ്ത യൂണിവേഴ്സിറ്റി ബില്ലിലെ 5-ാം വകുപ്പിലും 70-ാം വകുപ്പിലും കോളേജുകളുടെ അദ്ധ്യാപക നിയമനത്തിൽ സംവർണതത്വം പൂർണ്ണമായി പാലിക്കണമെന്ന് പറഞ്ഞിരുന്നു. ഇതിനകത്ത് സംവരണതത്വത്തെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച് ഒന്നും പറയുന്നില്ല. സംവരണം ഇവിടെ നടപ്പാക്കപ്പെടുന്നില്ല. ഇങ്ങനെ വരുമ്പോൾ സുപ്രീം കോടതി പറഞ്ഞിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായിട്ടുള്ള ഒരു നിലയിലാണ് ഈ നിയമനിർമ്മാണം ഇവിടെ നടപ്പാക്കുവാൻ പോകുന്നത്. സുപ്രീം കോടതിക്ക് വിരുദ്ധമായതും ഭരണഘടനാ വിരുദ്ധമായിട്ടുള്ളതുമായ വകുപ്പുകൾ ഉൾക്കൊള്ളുന്ന ഈ ബിൽ ഇതേ രൂപത്തിൽ അവതരിപ്പിക്കുവാൻ അങ്ങ് അനുമതി കൊടുക്കരുത് എന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

ശ്രീ. കെ. വി. രാജേന്ദ്രൻ: സർ, ഇവിടെ ഉന്നയിക്കുവാൻ ഉദ്ദേശിക്കുന്നത് അദ്ധ്യായം XIII സംബന്ധിച്ചാണ്. 2003-ലെ കേരള സർവ്വകലാശാലകൾ ബില്ലിലെ 13-ാം വകുപ്പിൽ പറയുന്നത്, അൺ എയ്ഡഡ് കോളേജുകളിലെ പ്രവേശനവും ഫീസ് ക്രമീകരണവും ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കലുമാണ്. നിയമസഭയിൽ ഇതിനുമുമ്പ് ചർച്ച നടന്ന സന്ദർഭത്തിൽ, വിദ്യാർത്ഥി പ്രവേശനം, മാനേജ്മെന്റ്/ഗവൺമെന്റ് സീറ്റിന്റെ അനുപാതം, ഫീസ് നിയന്ത്രിക്കൽ സംവിധാനം തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ച് സുപ്രീം കോടതി ഭരണഘടനാ ബഞ്ചിന്റെ വിധി വരാതെ പ്രത്യേകമായ ഒരു നിയമനിർമ്മാണത്തിനു കഴിയില്ല എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രിയും ആവർത്തിച്ചാവർത്തിച്ച് ചർച്ചകളിൽ പറഞ്ഞു.

മി. സ്പീക്കർ: There is no prohibition anywhere.

ശ്രീ. കെ. വി. രാജേന്ദ്രൻ: ആ സാഹചര്യത്തിൽ പ്രവേശന ഫീസ് ക്രമാതീതമായി വർദ്ധിച്ചതു സംബന്ധിച്ച് പ്രത്യേക നിയമനിർമ്മാണം കൊണ്ടുവരുന്നതിനുപകരം വളരെ ദുർബലമായ വ്യവസ്ഥകളോടുകൂടിയാണ് 13-ാം വകുപ്പ് ഇതിൽ ചേർത്തിരിക്കുന്നത്. അങ്ങനെ ഭരണഘടനാപരമായ തടസ്സമുണ്ടെങ്കിൽ ഈ ബില്ലിലെ ഈ വ്യവസ്ഥ അവതരിപ്പിക്കുന്നത് തെറ്റായ നടപടിക്രമമാണ്. പുഷ്പഗിരി കോളേജിലേയും കോഴഞ്ചേരി കോളേജിലേയും ബന്ധപ്പെട്ട കാര്യങ്ങളിലാണ് ഇത് പ്രധാനമായുള്ളത്. ഇത് എൻട്രൻസ് മെമ്മോയാണ്. Institute of Medical Science and Research Centre, Thiruvalla അച്ചടിച്ചിറക്കിയത് ജൂലായ് മാസം 20-ാം തീയതിയാണ്.

മി. സ്പീക്കർ: അത് ഇതുമായിട്ട് ബന്ധമുള്ളതാണോ? അതിനൊക്കെ നേരത്തെ അനുവാദം വാങ്ങണ്ടേ? അനുവാദം വാങ്ങാതെ സംസാരിക്കുവാൻ കഴിയില്ല.

ശ്രീ. കെ. വി. രാജേന്ദ്രൻ: ഇത്തരം ഒരു സാഹചര്യത്തിൽ രണ്ട് കോളേജുകളേയും സഹായിക്കുവാൻവേണ്ടി അവരുടെ പ്രവേശനത്തിൽ നൂറ് സീറ്റ് ഉറപ്പുവരുത്താൻ കഴിയുന്ന വിധത്തിൽ ഭരണഘടനാവിരുദ്ധമായ വിധത്തിൽ നിയമവിരുദ്ധമായ വ്യവസ്ഥകൾ എഴുതിവച്ച് ബിൽ അവതരിപ്പിക്കുന്നത് തെറ്റായ നടപടിയാണ്. അതിന് അനുവാദം കൊടുക്കരുത്. അങ്ങയുടെ റൂളിംഗ് ഉണ്ടാകണം. ഗവൺമെന്റിനോട് വിശദീകരണം ആവശ്യപ്പെടുകയാണ്.

മി. സ്പീക്കർ: റൂളിംഗ് ഒക്കെ തരാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ: സർ, 2003-ലെ സർവ്വകലാശാലകൾ ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവുമാണ് ഇവിടെ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി ബഹുമാനപ്പെട്ട പി. കെ. കുഞ്ഞാലിക്കുട്ടി അവതരിപ്പിക്കുവാൻ പോകുന്നത്. ഇതു നിയമസഭാ ചട്ടത്തിന്റെ ലംഘനമാണ്.

മി. സ്പീക്കർ: അതൊക്കെ ഇന്നലെ പറഞ്ഞു കഴിഞ്ഞു. അതൊന്നും പറയണ്ട. അടുത്ത പോയിന്റ് പറഞ്ഞാൽ മതി.

ശ്രീ. എം. വി. ജയരാജൻ: കാര്യോപദേശക സമിതിയുടെ റിപ്പോർട്ട് ജൂലായ് 30-ാം തീയതി പാസ്സാക്കി.

മി. സ്പീക്കർ: അതൊക്കെ പറഞ്ഞു കഴിഞ്ഞു. അതൊക്കെ വീണ്ടും ആവർത്തിക്കുവാൻ അനുവാദം തരണമോ? കഴിഞ്ഞ ദിവസം ഇതൊക്കെ പറയുകയും റൂളിംഗ് നൽകുകയുമൊക്കെ ചെയ്തു.

ശ്രീ. എം. വി. ജയരാജൻ: അതിൽ ഭേദഗതി വരുത്താതെ ഇങ്ങനെ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുവാൻ പാടില്ല. രണ്ടാമത്, ധനകാര്യ മെമ്മോറാണ്ടത്തിലെ ചട്ടം വ്യക്തമായി പറയുന്നുണ്ട്. എല്ലാ കാര്യങ്ങളും ഇവിടെ വിവരിക്കുന്നില്ല. എത്ര റിക്കറിംഗ്, നോൺ-റിക്കറിംഗ് എക്സ്പെൻസസ് ഉണ്ടെന്ന് പറയണം. അത് ഇവിടെ മറച്ചുവയ്ക്കുകയാണ് ബോധപൂർവ്വം ചെയ്തത്. ബില്ലിലെ 94-ാം ക്ലാസ് അനുസരിച്ച് സംസ്ഥാനതല ഉന്നത വിദ്യാഭ്യാസ കൗൺസിലിനുതന്നെ, ഏതാണ്ട് അംഗങ്ങളുടെ എണ്ണം എടുത്തു പരിശോധിച്ചാൽ 15 പേരെ ഗവൺമെന്റ് നിയോഗിക്കണം. അവർക്കുവേണ്ടി മാത്രം ഒരു കോടി രൂപ ചെലവുവരും. പക്ഷേ ബില്ലിൽ പറയുന്നത് അവർക്ക് 18 ലക്ഷം രൂപ ചെലവുവരും എന്ന് മാത്രമാണ്. സത്യസന്ധമായി ചെലവ് ഇവിടെ വിവരിക്കുന്നില്ല.

മി. സ്പീക്കർ: ഇതൊക്കെ ബില്ലിന്റെ ചർച്ചയിൽ പറയേണ്ട കാര്യങ്ങളല്ലേ? ഇത് നിയമവിരുദ്ധമാണ്. എവിടെയെങ്കിലും ഒരു വകുപ്പ് ഇൻട്രൊഡ്യൂസ് ചെയ്യാൻ പാടില്ലാതെ തെറ്റായി എഴുതി വച്ചിട്ടുണ്ടെങ്കിൽ അതു വായിച്ച് കേൾപ്പിച്ച് ഇൻട്രൊഡ്യൂസ് ചെയ്തു കൂടായെന്ന് പറയണം.

ശ്രീ. എം. വി. ജയരാജൻ: 73-ഉം, 74-ഉം പ്രകാരം നമ്മുടെ നിയമസഭാ ചട്ടത്തിൽ കൃത്യമായി പറയുന്നുണ്ട്. ധനകാര്യമെമ്മോറാണ്ടവും നിയമനിർമ്മാണ അധികാരങ്ങൾ ഏൽപ്പിച്ചുകൊടുക്കുന്നതും കൃത്യമായി പൂർണ്ണമായ വിധത്തിൽ ആകണമെന്ന് ചട്ടമുണ്ട്. ബില്ലിൽ അത് പൂർണ്ണമല്ല; അപൂർണ്ണമാണ്.

മി. സ്പീക്കർ: ഇതൊക്കെ ബില്ലിന്റെ ചർച്ചയിൽ സംസാരിക്കണം.

ശ്രീ. എം. വി. ജയരാജൻ: 73-ാം ചട്ടപ്രകാരം ഇത് പൂർണ്ണമല്ല. ക്ലാസ് 89, 90, 92 അനുസരിച്ച് അദ്ധ്യാപക കൺസൾട്ടേറ്റീവ് കമ്മിറ്റിയും വിദ്യാർത്ഥി കൺസൾട്ടേറ്റീവ് കമ്മിറ്റിയും അപ്പലേറ്റ് ട്രൈബ്യൂണലുമുൾപ്പെടെ ഏതാണ്ട് 2500 ആളുകൾ പുതിയ സമിതിയിൽ വരുന്ന വിധത്തിലാണ് നിയമനിർമ്മാണം നടത്താൻ പോകുന്നത്. അതനുസരിച്ച് സാമ്പത്തിക ബാധ്യത എത്ര വരും; അധികച്ചെലവ് എത്ര വരും? 5 കോടി രൂപ വരും. പക്ഷേ അത് ഇവിടെ പറയുന്നില്ല. അവസാനമായി നമ്മുടെ ബില്ലിലെ.....

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ബില്ലിന്റെ ചർച്ചയിൽ പറയേണ്ട കാര്യങ്ങളാണ് ഇവിടെ പറയുന്നത്.

ശ്രീ. എം. വി. ജയരാജൻ: ഏൽപ്പിച്ചു കൊടുത്ത നിയമനിർമ്മാണ അധികാരത്തെ സംബന്ധിച്ച് പറയുന്നില്ല. അത് നിയമസഭാ ചട്ടങ്ങളുടെ ലംഘനമാണ്. അതോടൊപ്പം നിയമസഭാചട്ടം 166 പ്രകാരം നിയമസഭയുടെ അധികാരങ്ങൾ കവർന്നെടുക്കുകയാണ്. ഓർഡിനൻസുകൾ, റെഗുലേഷനുകൾ, ബൈലാകൾ എന്നിവ തയ്യാറാക്കുവാൻ സർവ്വകലാശാല എക്സിക്യൂട്ടീവ് കൗൺസിലിനെ ഏൽപ്പിക്കുകയാണ്. അങ്ങനെ അവർ തയ്യാറാക്കിയാൽ നിയമസഭയിൽ വേ ചെയ്യണമെന്നു പോലും പറയുന്നില്ല. അത് നമ്മുടെ അധികാരത്തെ കവർന്നെടുക്കുന്ന തീരുമാനമാണ്. സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി ഇത് ശരിയായ നടപടിക്രമമല്ലെന്ന് പറയുന്നുണ്ട്.

മി. സ്പീക്കർ: മിനിസ്റ്റർക്ക് ഇതിൽ എന്തെങ്കിലും മറുപടി പറയുവാനുണ്ടോ?

ശ്രീ. എ. കെ. ബാലൻ: സർ, പോയിന്റ് ഓഫ് ഓർഡർ.

മി. സ്പീക്കർ: നോ, നോ ഇവിടെ മെമ്പർമാർ നേരത്തെ പെർമിഷൻ വാങ്ങിയാണ് റെയ്സ് ചെയ്തത്. പെർമിഷൻ വാങ്ങാതെ ഇവിടെ റെയ്സ് ചെയ്യാൻ അനുവദിക്കുകയില്ല. അതുകൊണ്ട് നിങ്ങൾ ആവശ്യമില്ലാതെ സംസാരിക്കണ്ട. No..... No.....Please resume your seat..... No point of order. Nothing will do. വിലപ്പെട്ട ഈ ഹൗസിന്റെ സമയം കളയണമെങ്കിൽ കുറേ സമയം കളയാം. Nothing will do. I don't want to hear anything. ഇതിനൊക്കെ കുറെ കീഴ്വഴക്കങ്ങളുണ്ട്. അത് അനുസരിച്ചേ ചെയ്യാവൂ. നേരത്തെ അനുവാദം വാങ്ങിയവർ മണ്ടന്മാരല്ല. അവരൊക്കെ നേരത്തെ എന്റെ മുറിയിൽ വന്നു കണ്ട് അനുവാദം വാങ്ങി. അവർക്ക് അവസരം കൊടുത്തു. അല്ലാതെ അവർ മണ്ടന്മാരായതുകൊണ്ടല്ല. അതിബുദ്ധി വേണ്ട, മുൻകൂട്ടി അനുവാദം വാങ്ങിയവർക്കു മാത്രമേ ഹൗസിൽ ഉന്നയിക്കുവാൻ അനുവദിക്കൂ. അതുകൊണ്ട് നിങ്ങൾ സമയം നഷ്ടപ്പെടുത്തണ്ട.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ചെലവുകൾ എത്രയെന്ന് നിയമപരമായി അസസ് ചെയ്ത്, കാൽക്കുലേറ്റ് ചെയ്ത്, ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ പറഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർക്ക് ഒരു തെറ്റിദ്ധാരണയുണ്ട്. യൂണിവേഴ്സിറ്റിക്ക് ഗവൺമെന്റ് ഗ്രാന്റ് കൊടുക്കുകയാണ്. ആ ഗ്രാന്റിൽ നിന്നാണ് ആവർത്തനച്ചെലവുകൾ വന്നുകൊണ്ടിരിക്കുന്നത്. കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നും അങ്ങനെയുള്ള ചെലവുകൾ ഇല്ല. കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നും വരുന്ന ചെലവുകൾ ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ കൃത്യമായി പറഞ്ഞിട്ടുണ്ട്. രണ്ടാമത് പറഞ്ഞത്, യൂണിവേഴ്സിറ്റി ഫസ്റ്റ് സ്റ്റാറ്റ്യൂട്ട് നിയമസഭയുടെ മേശപ്പുറത്തു വയ്ക്കും. പക്ഷേ ആ സ്റ്റാറ്റ്യൂട്ട് പിന്നീട് അമെൻഡ് ചെയ്താൽ മേശപ്പുറത്തു വയ്ക്കാൻ വ്യവസ്ഥയില്ലെന്നുള്ളതാണ്. നമുക്ക് അതെല്ലാം സബ്ജക്ട് കമ്മിറ്റി ചർച്ചാവേളയിൽ ആലോചിക്കാം. വ്യവസ്ഥ വേണമെങ്കിൽ വയ്ക്കാം. ഇനി വ്യവസ്ഥയില്ലെങ്കിൽപ്പോലും നിയമസഭ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 166(1) അനുസരിച്ച് ഏത് റെഗുലേഷൻ ആയാലും, ഏത് ബൈലാ ആയാലും അങ്ങനെയുള്ളത് കേരള നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കണമെന്ന് പറയുന്നുണ്ട്. ഒന്നുകിൽ അതു മതി, അതല്ലെങ്കിൽ സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്യുമ്പോൾ അതിനെപ്പറ്റി ആലോചിക്കാവുന്നതാണ്. ശ്രീ. കെ. പി. രാജേന്ദ്രൻ പയുന്നത്, സുപ്രീംകോടതി കേസ്

LIBRARY ARCHIVES Kerala Legislative Assembly

നിലനിൽക്കുന്നതുകൊണ്ട് ഇവിടെ നിയമനിർമ്മാണം നടത്തുന്നത് ശരിയല്ലെന്നാണ്. അങ്ങ് സൂചിപ്പിച്ചതുപോലെ, ഒരു പ്രൊഹിബിഷനും ഇല്ല. സുപ്രീംകോടതിയിൽ കേസുണ്ടെങ്കിലും നമുക്ക് നിയമനിർമ്മാണം നടത്താം. എസ്.എഫ്.ഐ.-കാർ സത്യാഗ്രഹം നടത്തുന്നതു തന്നെ നിയമനിർമ്മാണം വേണമെന്നു പറഞ്ഞുകൊണ്ടാണ്. നിയമനിർമ്മാണം വേണമെന്ന് എല്ലാവരും ആവശ്യപ്പെടുന്നു. സുപ്രീംകോടതിയിൽ കേസ് പെൻഡിംഗ് ആണെങ്കിൽ It is not a prohibition. നമുക്ക് നിയമനിർമ്മാണം കൊണ്ടുവരുന്നതിന് ഒരു ബുദ്ധിമുട്ടും ഇല്ല. There is no stratutory power അതുകൊണ്ട് ആ കാര്യത്തെ സംബന്ധിച്ചിടത്തോളം നിയമതടസ്സം ഇല്ല. ശ്രീ. കോടിയേരി പറഞ്ഞ മറ്റൊരു കാര്യം, 2(13) അനുസരിച്ച് 'കമ്മ്യൂണിറ്റി കോളേജ്' എന്നു പറയുന്നത് ഭരണഘടനാവിരുദ്ധമാണെന്നാണ്. നമുക്ക് ഈ നിർവ്വചനം നോക്കിയാൽ മതി. ആക്ടിൽ 'കമ്മ്യൂണിറ്റി കോളേജ്' എന്നാണ് പറഞ്ഞിരിക്കുന്നത്. അതിനുപകരം ഇംഗ്ലീഷ് ഡിക്ഷണറി കൊണ്ടുവന്ന് കമ്മ്യൂണിറ്റിയെപ്പറ്റിയുള്ള നിർവ്വചനം കൊണ്ടുപോകുന്നത് farfetched ആണ്. ഇതിൽ purpose of this Act, community college has been clearly defined. നമുക്ക് ആ ഡെഫിനിഷൻ നോക്കിയാൽ മതി. ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞതു പോലെയല്ല ഭരണഘടന. ഭരണഘടനയിലെ ആർട്ടിക്കിൾ 26-ൽ റിലീജിയസ് ആയിട്ടുള്ള ഇൻസ്റ്റിറ്റ്യൂഷൻസ് സ്ഥാപിക്കാൻ പറയുന്നുണ്ട്. ഇവിടെ അതല്ല. ഇവിടെ freedom to manage religious affairs എന്നാണ്. അത് ഭരണഘടനയുടെ 26-ാമത് ആർട്ടിക്കിളിൽ പറയുന്നുണ്ട്. പക്ഷേ ഇവിടെ അതല്ല. ഇവിടത്തേത് മതപരമായിട്ടുള്ള സ്ഥാപനമല്ല. ഏതെങ്കിലും ഒരു പ്രദേശത്തിന്റെ സവിശേഷത വച്ചുകൊണ്ട് ഏതെങ്കിലും വിദ്യാഭ്യാസ സൗകര്യം അവിടെ ഉണ്ടാകണം. ഏതെങ്കിലുമൊരു പ്രത്യേക കോഴ്സ് അനുവദിക്കണമെന്നുണ്ടെങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ സ്ഥാപിക്കപ്പെടുന്ന കോളേജ്. അതാണ് 'കമ്മ്യൂണിറ്റി കോളേജ്' ഈ ആക്ടിൽ നിർവ്വചനമുണ്ടായിരിക്കെ പുറത്തുള്ള നിർവ്വചനത്തിലേക്ക് പോയിട്ട് കാര്യമില്ല. ഈ ആക്ടിലെ നിർവ്വചനമനുസരിച്ചാണ് ഈ കാര്യങ്ങൾ പറയുന്നത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: മുസ്ലീം കോളേജ്, നായർ കോളേജ്, ഈഴവ കോളേജ് എന്ന രീതിയിൽ കോളേജ് അനുവദിക്കുന്ന സമിതി വരുമോ?

ശ്രീ. കെ. എം. മാണി: ഇല്ല. ഇവിടെ മതപരമായ കോളേജല്ല. ഭരണഘടനയിൽ മതപരമായ കോളേജാകാം. പക്ഷേ ഈ നിയമത്തിൽ വിഭാവന ചെയ്യുന്നത് മതപരമായ കോളേജല്ല. അത് വളരെ കൃത്യമായി ബില്ലിൽ പറയുന്നുണ്ട്. "കമ്മ്യൂണിറ്റി കോളേജ്" എന്നാൽ ഒരു പ്രത്യേക പ്രദേശത്തെ ജനങ്ങളുടെ സവിശേഷമായ സാമൂഹിക-സാമ്പത്തിക ആവശ്യങ്ങളും മറ്റാവശ്യങ്ങളും നിറവേറ്റുന്നതിനാവശ്യമായ കോഴ്സുകൾ പ്രദാനം ചെയ്യണമെന്ന കാഴ്ചപ്പാടോടുകൂടി ആക്ടിലെ വ്യവസ്ഥകൾ അനുസരിച്ച് സ്ഥാപിക്കപ്പെട്ട അങ്ങനെയുള്ള ഒരു കോളേജ് എന്നർത്ഥമാകുന്നു; ഒരു പ്രദേശത്തിനാണ് അവിടെ പ്രാധാന്യം, മതത്തിനല്ല. ഏതെങ്കിലും സമുദായത്തിനല്ല. ഏതെങ്കിലുമൊരു പ്രദേശത്ത് അങ്ങനെയുള്ള പഠനത്തിനുള്ള സൗകര്യം ചെയ്യണമെന്ന് ഗവൺമെന്റിന് തോന്നിയാൽ അതിനുവേണ്ടി സ്ഥാപിക്കപ്പെടുന്ന കോളേജിന്റെ പേരാണ് "കമ്മ്യൂണിറ്റി കോളേജ്" ഒരു സമൂഹമാണ്, സമുദായമല്ല. കമ്മ്യൂണിറ്റി എന്നു കേട്ടാൽ എല്ലാം സമുദായമെന്ന് വ്യാഖ്യാനിക്കരുത്. കമ്മ്യൂണിറ്റി സമുദായമല്ല. ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ റിസർവേഷനെ സംബന്ധിച്ച് പറയുകയുണ്ടായി. It is a matter of policy. ആ കാര്യം ബിൽ നിയമസഭയിൽ എടുക്കുമ്പോൾ ചർച്ച ചെയ്യാം. ഒരു തടസ്സവാദത്തിന് അതിൽ കാര്യമില്ല. ഇതു മാത്രമേ പറയാനുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ തർക്കങ്ങളൊന്നും നിലനിൽക്കുന്നതല്ല.

നിയമനിർമ്മാണകാര്യം (തുടർച്ച)

വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, 2003-ലെ കേരള സർവ്വകലാശാലകൾ ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, 2003-ലെ കേരള സർവ്വകലാശാലകൾ ബിൽ VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ഇതിനകം വളരെയധികം ചർച്ച ചെയ്യപ്പെട്ട ഒരു ബില്ലാണിത്. മാത്രമല്ല, ബിസിനസ് അഡ്വൈസറി കമ്മിറ്റിയിൽ ഇതിന്റെ അവതരണത്തെ കുറിച്ച്, ഈ ബിൽ എപ്പോൾ പാസ്സാക്കണം, സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമോ തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് കക്ഷിനേതാക്കന്മാർ വിശദമായി ചർച്ച ചെയ്തതാണ്. അതിനെത്തുടർന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ കഴിഞ്ഞ ദിവസം ഗവൺമെന്റിന്റെ ഒരു അപ്രോച്ച് നിയമസഭയിൽ പറയുകയുണ്ടായി. കേരളത്തിലെ പ്രതിപക്ഷ പാർട്ടികൾ വളരെയധികം അഭിപ്രായ വ്യത്യാസത്തോടുകൂടി കൊണ്ടുവന്ന ഒരു ബില്ലാണ്. ഈ ബിൽ ഇപ്പോൾ എടുക്കരുത്, എടുക്കുകയാണെങ്കിൽ സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്നുള്ള തരത്തിലൊക്കെ പറയുകയുണ്ടായി. ആ പശ്ചാത്തലത്തിൽ കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്ത് കാലാകാലങ്ങളിലായി ആവശ്യപ്പെട്ട ചരിത്രപരമായ ഒരു മാറ്റം, പത്തിരുപതു കൊല്ലത്തെ ഗ്യാപ്പുള്ള നമ്മുടെ ഉന്നത വിദ്യാഭ്യാസ നിലവാരത്തെ അങ്ങേയറ്റം ബാധിച്ചിരിക്കുന്ന ഒരു പ്രശ്നം അവഗണിക്കുക വയ്യ എന്നുള്ള സത്യം മനസ്സിലാക്കിക്കൊണ്ട് പ്രതിപക്ഷ സഹകരണം, കേരളത്തിലെ എല്ലാ രാഷ്ട്രീയ പാർട്ടികളുടേയും ജനവിഭാഗങ്ങളുടേയും സഹകരണം അനിവാര്യമാണെന്നുള്ളതുകൊണ്ടാണ് സബ്ജക്ട് കമ്മിറ്റിക്ക് ഈ ബിൽ അയയ്ക്കുന്നത്. എങ്കിലും ഈ സഭയിൽ ഷെഡ്യൂൾ ചെയ്തിരിക്കുന്ന സഭാ സമ്മേളനകാലത്തുതന്നെ ധൃതിപിടിച്ച് കൊണ്ടുവന്ന് പാസ്സാക്കണമെന്നില്ല. അൽപ്പം ചർച്ചയ്ക്കൊക്കെ സമയം ലഭിക്കുന്ന വിധത്തിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കുന്നുവെങ്കിലും സമയമെടുത്ത് പോകാം. സബ്ജക്ട് കമ്മിറ്റിയിൽ നമുക്ക് വിശദമായി ചർച്ച ചെയ്തുപോകാം. പ്രത്യേക സമ്മേളനം ഇതിനുവേണ്ടി വിളിക്കാം. ആ ഒരു അണ്ടർസ്റ്റാൻഡിംഗിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ ദിവസം നിയമസഭയിൽ ഈ ബില്ലിന്റെ പ്രാധാന്യത്തെക്കുറിച്ച് പറയുകയും ചെയ്തു. ഈ ബില്ലിന്റെ പ്രാധാന്യത്തെക്കുറിച്ച് വളരെ അടിസ്ഥാനപരമായി ചിന്തിക്കണമെന്നാണ് എനിക്ക് പ്രതിപക്ഷ നേതാക്കന്മാരോടും നിയമസഭയിലെ മറ്റ് അംഗങ്ങളോടും പറയാനുള്ളത്. കാലാകാലങ്ങളിൽ കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്ത് വരുത്തേണ്ട

LIBRARY ARCHIVES Kerala Legislative Assembly